**MES ARTS & SCIENCE COLLEGE**

MES Medical College Campus

**Angadippuram, Perinthalmanna, Malappuram Dt. Kerala**

(Self Financing College, Affiliated to the University of Calicut)

PH : 04933-249099 , Mobile : 9946732236

E-mail : mesascpmna@gmail.com, www.mesasc.in



# എം.ഇ.എസ് ആർട്സ് & സയൻസ് കോളജ്

**എം.ഇ.എസ് മെഡിക്കൽ കോളേജ് കാമ്പസ്**

**അങ്ങാടിപ്പുറം, പെരിന്തൽമണ്ണ, മലപ്പുറം ജില്ല, കേരള**

**(Self Financing College Affiliated to the University of Calicut)**

**ഫോൺ: 04933249099 , മൊബൈൽ: 9946732236**

മെയിൽ: mesascpmna@gmail.com

www.mesasc.in

# പൊതു നിയമങ്ങൾ

# എം.ഇ.എസ് ആർട്സ് ആന്റ് സയൻസ് കോളജ്

എം.ഇ.എസ് ആർട്സ് &സയൻസ് കോളജിന്റെ പ്രഖ്യാപിത ലക്ഷ്യമായ ഗുണ മേൻമയുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനും കുട്ടികളുടെ നിലവാരം വർധിപ്പിക്കുന്നതിനും വേി താഴെ പറയുന്ന നിയമങ്ങൾ പാലിക്കാൻ എല്ലാവരും ബാധ്യസ്ഥരാണ്.

**ഐഡന്റിററി കാർഡ്**

1. പ്രവേശനസമയത്ത് പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ ഫോട്ടോ പതിച്ച് ഐഡന്റിററി കാർഡ് ഓരോ വിദ്യാർഥിയും കഴുത്തിലണിയേതാണ്. ഏതെങ്കിലും വിധേന കാർഡ് നഷ്ടപ്പെട്ടാൽ 50 രൂപ അടച്ച് പുതിയ കാർഡ് വങ്ങാവുന്നതാണ്. കാർഡ് അണിയാതെ വരുന്ന കുട്ടികളെ ക്ലാസിൽ പ്രവേശിപ്പിക്കുന്നതല്ല.

2. കോളജിന് പ്രത്യേകമായ യൂണിഫോം ഉ്. അവ വൃത്തിയായി എല്ലാ ദിവസവും ധരിക്കേതാണ്. കാമ്പസിൽ വരുമ്പോൾ കഴിയുന്നതും ഷൂസ് ധരിക്കേതാണ്. മുഖം മൂടിയോ, ഇറുകിയ യൂണിഫോമിലോ കാമ്പസിൽ വരാൻ പാടില്ല.

**പ്രാർഥന**

3. കോളജിന് പ്രത്യേകമായ പ്രാർഥനയു്. രാവിലെ 9.30ന് പ്രാർഥന നിർവഹിക്കും. ആ സമയം കാമ്പസിലുള്ള എല്ലാവരും എഴുനേറ്റ് നിന്ന് ഏകാഗ്രമായി പ്രാർഥനയിൽ മുഴകണം. ഏത് പ്രവൃത്തി ചെയ്യുന്നവരും വാഹനത്തിലുള്ളവരും നടന്ന് വരുന്നവരും എഴുന്നേററ് നിന്ന് ഇപ്രകാരം ചെയ്യണം. ദേശീയ ഗാനത്തിന്റെ സമയത്തും ഇപ്രകാരം ചെയ്യണം.

**പ്രവൃത്തി സമയം**

4. കോളജിന്റെ പ്രവൃത്തി സമയം രാവിലെ 9.30 മുതൽ വൈകീട്ട് 4.30 വരെയാണ്. ക്ലാസ് സമയം 9.30 മുതൽ 3.15 വരെയായിരിക്കും. 3.30 ന് ശേഷം കുട്ടികൾക്ക് റിക്രിയേഷനുകളിൽ ഏർപ്പെടാവുന്നതാണ്. അഞ്ചുദിവസമാണ് പ്രവൃത്തി ദിവസമെങ്കിലും അധ്യാപകരോ പ്രിൻസിപ്പലോ ആവശ്യപ്പെടുന്ന ഏത് ദിവസവും വിദ്യാർഥികൾ കോളജിൽ വരേ താണ്.

5. കാമ്പസിൽ കൃത്യ നിഷ്ഠ പാലിക്കാത്തവർക്കും, കൃത്യസമയത്ത് ക്ലാസിൽ എത്താത്തവർക്കും ഹാജർ നഷ്ടപ്പെടും. ഇപ്രകാരം അനിവാര്യമായ കാരണമില്ലാതെ തുടർച്ചയായി വീഴ്ച വെരുത്തുന്നവർക്ക് സസ്പെൻഷൻ അടക്കമുള്ള നടപടികൾ ഉായിരിക്കും.





**വിനയം; പരസ്പര ബഹുമാനം**

6. വിദ്യാർഥികൾ വിനയവും പരസ്പര ബഹുമാനവും അനുവർത്തിക്കണം. കാമ്പസിൽ അശ്ലീലമോ, അനാവശ്യ ശബ്ദങ്ങളോ പാടില്ല. അനാവശ്യമായ ബഹളങ്ങളും പ്രക്ഷോഭങ്ങളും ഉാക്കി പഠനാന്തരീക്ഷം തടസ്സപ്പെടുത്തരുത്. അധ്യാപകരോടും വിദ്യാർഥിനികളോടും മാന്യമായി വർത്തിക്കണം.

7. വിദ്യാർഥികൾ പരസ്പരം സ്നേഹത്തോടെ വർത്തിക്കണം. ഏത് ക്ലാസുകളിൽ പഠിക്കുന്നവരായാലും ഏത് വർഷക്കാരായാലും, ഏത് സംഘടനക്കാരായാലും, മതക്കാരായാലും കാമ്പസിൽ ഒരു തരത്തിലുമുള്ള വിവേചനവും പാടില്ല. അത്തരത്തിലുള്ള പെരുമാററങ്ങൾ വിദ്യാർഥികളുടെ അന്തസ്സിന് ഹാനികരമാണെന്ന് ഓരോ വിദ്യാർഥിയും ഓർക്കണം. ഏത് ക്ലാസിലുള്ളവരായാലും ഏത് വർഷക്കാരായാലും സഹോദരീ സഹോദരൻമാരായി തന്നെ കാണണം. നന്മയുള്ള പ്രവർത്തനങ്ങളിലൂടെ പരസ്പരം സഹകരിക്കുകയും വേണം. നവാഗതരെ മധുരം നല്കി സ്വീകരിക്കണം.

8. അധ്യാപകരും വിദ്യാർഥികളും പരസ്പരം കാണുമ്പോൾ അഭിവാദനം ചെയ്യണം. അധ്യാപകർ ക്ലാസുകളിൽ വരുമ്പോൾ വിദ്യാർത്ഥികൾ എഴുന്നേററ് നിന്ന് അഭിവാദനം ചെയ്യണം. അധ്യാപകരോട് അനാദരവുാക്കുന്ന വിധം ഉച്ചത്തിൽ സംസാരിക്കുകയോ, അനാവശ്യങ്ങൾ പ്രചരിപ്പിക്കുകയോ അരുത്. അധ്യാപകരെ കുറിച്ച് പരാതിയുങ്കെിൽ അക്കാര്യം പ്രിൻസിപ്പലുമായി ചർച്ച ചെയ്ത് രമ്യമായി പരിഹരിക്കേതാണ്.

9. ഏതെങ്കിലും കുട്ടികൾ ദാരിദ്ര്യം മൂലമോ, മാനസിക പ്രശ്നങ്ങൾ മൂലമോ, രോഗം മൂലമോ വിഷമമനുഭവിക്കുന്നുങ്കെിൽ ആ വിവരം ട്യൂട്ടറേയോ പ്രിൻസിപ്പലെയോ അറിയിക്കേ താണ്. കുട്ടികൾക്ക് എന്തെങ്കിലും കാരണത്താൽ ഭീഷണിയോ, മററ് ബുദ്ധിമുട്ടുകളോ നേരിട്ടാലും ഇപ്രകാരം ചെയ്യണം.

**വൃത്തിയും വെടിപ്പും**

10. കാമ്പസിന്റെ വൃത്തിയും വെടിപ്പും കർശനമായി സൂക്ഷിക്കണം. വൃത്തിയായി വസ്ത്ര ധാരണം ചെയ്യണം. പാഴ് വസ്തുക്കൾ ക്ലാസ് റൂമിലോ വരാന്തയിലോ ഉള്ള ബിന്നുകളിൽ മാത്രം നിക്ഷേപിക്കണം. പാഴ്‌വസ്തുക്കൾ ഒരു കാരണവശാലും പുറത്തിടരുത്. ക്ലാസ് റൂമുകളും കാമ്പസും വൃത്തിയായി സൂക്ഷിക്കാൻ ഓരോ വിദ്ധ്യാർഥിയും ബാധ്യസ്ഥനാണ്.

11. കെട്ടിടങ്ങളുടെ ഭിത്തികളിലോ, പുറത്തെ ചുവരുകളിലോ, ഫർണിച്ചറുകളിലോ വരക്കുകയോ എഴുതുകയോ ചെയ്യരുത്. ഫർണിച്ചറുകൾ വൃത്തിയായി സൂക്ഷിക്കണം. കാമ്പസിലെവിടെയും നോട്ടീസുകൾ പതിക്കരുത്.

**അച്ചടക്കം**

1. നല്ല പെരുമാററം, സാമൂഹിക പ്രതിബദ്ധത, അക്കാദമിക നിലവാരം എന്നിവയിൽ ഒന്നാമതാവാൻ വിദ്യാർഥികൾ ശ്രമിക്കണം. അങ്ങനെയുള്ളവരെ അധ്യാപകരും

രക്ഷിതാക്കളും ആദരിക്കുകയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള വേദികളുണ്ടാക്കുകയും ചെയ്യുന്നതാണ്.

2. അധ്യാപകരുടെ അനുവാദമില്ലാതെ മററു ക്ലാസുകളിൽ നിന്നുള്ളവരോ പുറത്ത് നിന്നുള്ളവരോ ക്ലാസിൽ കയറരുത്. പ്രിൻസിപ്പലുടെ സമ്മതപത്രമില്ലാതെ ആരും ക്ലാസിൽ പ്രസംഗിക്കുകയോ നോട്ടീസുകൾ വിതരണം ചെയ്യുകയോ അരുത്.

3. യോഗങ്ങളും പാരസ്പര്യങ്ങളും സംവാദങ്ങളും നടക്കുമ്പോൾ ഒരിക്കലും കൂക്കി വിളിച്ച് പ്രോത്സാഹിപ്പിക്കരുത്. കൈയടിച്ചാണ് പ്രോത്സാഹിപ്പിക്കേണ്ടത്. അത് പോലെ അതിഥികൾക്കും വേദിയിലുള്ളവർക്കും വിഷമമുണ്ടാക്കും വിധം മീററിങ്ങ് ഹാളുകളിൽ സംസാരിച്ച് കലപിലയുണ്ടാക്കരുത്.

4. ക്ലാസ് സമയത്ത് വരാന്തയിലൂടെ നടന്ന് ശബ്ദമുണ്ടാക്കി വിദ്യാർത്ഥികൾ മററു ക്ലാസുകൾക്ക് ശല്യമുണ്ടാക്കരുത്.

5. പ്രിൻസിപ്പലുടെ അനുവാദമില്ലാതെ മീററിങ്ങുകളോ, കലാപരിപാടികളോ ചടങ്ങുകളോ നടത്തരുത്.

6. കാമ്പസിൽ പെൺകുട്ടികളുടേയും, അധ്യാപികമാരുമടെയും അന്തസ്സിന് കോട്ടം വരുത്തും വിധം ആരും പ്രവർത്തിക്കാൻ പാടില്ലാത്തതും അവരുടെ സംരക്ഷണം എല്ലാവരുടേയും ബാധ്യതയായി ഏറെറടുക്കേണ്ടതുമാണ്.

7. രാഷ്ട്രീയത്തിന്റെയോ മതത്തിന്റേയോ പേരിലോ അല്ലാതെയോ കാമ്പസിൽ സംഘർഷമുണ്ടാക്കുന്നവർക്കും അസഭ്യങ്ങൾ പറയുന്നവർക്കും കാമ്പസിൽ നിന്ന് പുറത്താക്കുന്നതടക്കമുള്ള ശിക്ഷകൾ ഉണ്ടായിരിക്കും

8. പെരുമാററ ദൂഷ്യമുണ്ടാവുകയോ കോളജ് നിയമങ്ങൾ ലംഘിക്കുകയോ ചെയ്യുന്ന ഏത് വിദ്യാർത്ഥിയേയും പുറത്താക്കാൻ പ്രിൻസിപ്പലിന് അധികാരമുണ്ടായിരിക്കും.

9. അററൻഡൻസ് കുറയുക, പരീക്ഷകൾ എഴുതാതാതിരിക്കുക, കൃത്യ സമയങ്ങളിൽ വരാതിരിക്കുക,എന്നിവ ഗുരുതരമായ അച്ചടക്ക ലംഘനമാണ്.

10. ഉയർന്ന ക്ലാസുകളിലേക്കുള്ള പ്രമോഷൻ, യൂണിവേഴ്സിററി പരീക്ഷകൾ, തരിഞ്ഞെടുപ്പ്, പ്രോഗ്രസ്, അററന്റൻസ്, സ്വഭാവ സർട്ടിഫിക്കററ് എന്നിവ പ്രിൻസിപ്പലുടെ അധികാര പരിധിയിലായിരിക്കും.

11. സർക്കാർ അനുവദിച്ച ആഘോഷങ്ങളല്ലാതെ മറെറാന്നും കോളജിൽ അനുവദിക്കില്ല. ബർത്ത്ഡേ, ഹോളി എന്നിവ ആഘോഷിക്കുന്നത് കാമ്പസിനകത്ത് കർശനമായി നിരോധിച്ചിരിക്കുന്നു.

**ലഹരി**

12. മദ്യപാനം, പുകവലി, ലഹരി വസ്തുക്കളുടെ ഉപയോഗം എന്നിവ കാമ്പസിനകത്തും പുറത്തും നിരോധിച്ചിട്ടു്. ഇവ ഉപയോഗിക്കുന്നുവെന്നറിഞ്ഞാൽ ഒരു ഉപേക്ഷയും





കൂടാതെ സസ്പെന്റ് ചെയ്യുകയും, ലഹരി ഉപയോഗിക്കുന്നുവെന്ന് തെളിഞ്ഞാൽ വിവരം പോലീസ് സ്റേറഷനുകളിൽ അറിയിക്കുകയും ചെയ്യും.

**പാരന്റ്സ് മീററ്**

13. സെമസ്ററുകൾ തുടങ്ങുമ്പോഴും അവസാനിക്കുന്നതിന് മുമ്പും പാരന്റ്സ്+വിദ്യാർത്ഥി യോഗങ്ങളുണ്ടായിരിക്കും. സെമസ്ററർ തുടങ്ങുമ്പോൾ പാരന്റിങ്ങ് ക്ലാസുണ്ടാവും. സെമസ്ററർ അവസാനത്തിൽ ക്ലാസ് പി.ടി.എ ഉണ്ടാവും. രക്ഷിതാക്കളുടെ സാന്നിധ്യം എല്ലാ മീററിങ്ങുകളിലും ഉറപ്പ് വരുത്തണം. രക്ഷിതാക്കളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും ക്ലാസ് പി.ടി.എയിലാണ് അവതരിപ്പിക്കേണ്ടത്.

14. പാരന്റ്സ് മീററിങ്ങുകളിൽ രക്ഷിതാക്കളെ എത്തിക്കേണ്ട ചുമതല വിദ്യാർത്ഥികളിൽ നിക്ഷിപ്തമാണ്. പ്രിൻസിപ്പലോ ട്യൂട്ടറോ, അധ്യാപകരോ ആവശ്യപ്പെടുന്ന പക്ഷം രക്ഷിതാക്കൾ കോളജിൽ വരേണ്ടതാണ്. രക്ഷിതാക്കൾ രക്ഷാകർതൃ യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുകയോ ആവശ്യപ്പെടുമ്പോൾ വരാതിരിക്കുകയോ ചെയ്യുന്നത് കുട്ടിയുടെ തുടർ പഠനത്തിന് ഹാനി സൃഷ്ടിക്കും.

**റാഗിങ്ങ്**

15. റാഗിങ്ങ് കുററകരവും ശിക്ഷാർഹവുമാണ്. പരസ്പരം കളിയാക്കൽ, ഭീഷണിപ്പെടുത്തൽ, ശല്യം ചെയ്യൽ, എന്നിവ സഹപാഠികളോട് നടത്തുന്നത് റാഗിങ്ങിന്റെ പരിധിൽ പെടും. റാഗിങ്ങ് ശ്രദ്ധയിൽ പെട്ടാൽ കുട്ടികളെ തത്സമയം തന്നെ പുറത്താക്കുകയും വിവരം പോലീസിനെ അറിയിക്കുകയും ചെയ്യും. കുററം തെളിഞ്ഞാൽ കുട്ടിക്ക് പഠിക്കാനുള്ള അവകാശം നഷ്ടപ്പെടുന്നതും പലപ്പോഴും ജയിൽ ശിക്ഷ വരെ അനുഭവിക്കാൻ കരാണമാവുന്നതുമാണ്.

**മൊബൈൽ ഫോൺ**

16. സർക്കാർ നിയമ പ്രകാരം കാമ്പസിൽ മൊബൈൽ ഫോൺ നിരോധിച്ചിരിക്കുന്നു. പ്രവൃത്തി സമയത്ത് മൊബൈൽ സൈലന്റ് മോഡിലായിരിക്കണം. കോളജ് പ്രവൃത്തി സമയത്ത് ക്ലാസിലോ പരിസരത്തോ മൊബൈൽ വിളിക്കുന്നത് ശ്രദ്ധയിൽ പെട്ടാൽ അത് പിടിച്ചു വയ്ക്കുകയും **ഏഴ് ദിവസത്തിന്** ശേഷം മാത്രം രക്ഷിതാവിന്റെ സാന്നിധ്യത്തിൽ തിരിച്ചു കൊടുക്കുന്നതുമാണ്. രണ്ടാമതും ഇതാവർത്തിച്ചാൽ സർക്കാർ നിയമ പ്രകാരം മൊബൈൽ പിടിച്ചെടുക്കുന്നതും പിന്നീട് ലേലം ചെയ്ത് വില്ക്കുന്നതുമാണ്.

**കാർ, ബൈക്ക്**

17. കാർ, ബൈക്ക് തുടങ്ങിയവ കോളജ് കാമ്പസിന് പുറത്ത് വയ്ക്കേണ്ടതാണ്. ബൈക്ക് ഓടിക്കുന്നവർ നിർബന്ധമായും ഹെൽമററ് ധരിക്കണം. ബൈക്ക് ഉച്ചത്തിൽ ശബ്ദമുണ്ടാക്കി ഓടിക്കുകയോ രണ്ടിലധികം പേരെ ബൈക്കിലിരുത്തുകയോ ചെയ്യരുത്. കാറോ ബൈക്കോ അമിത വേഗതയിലോടിക്കുന്നത് കാൽ നടപടിയെടുക്കും.

**രാഷ്ട്രീയം**

18. കോളജിലോ, തെരഞ്ഞെടുപ്പിനോടനുബന്ധിച്ചോ ഒരു വിധ കക്ഷി രാഷ്ട്രീയ പ്രവർത്തനങ്ങൾക്കും കാമ്പസ് വേദിയാക്കരുത്. ഒരു രാഷ്ട്രീയ പാർട്ടിയുടേയും പ്രചാരണ വേദിയായും കാമ്പസ് ഉപയോഗപ്പെടുത്തരുത്. എന്നാൽ കുട്ടികളിൽ ശരിയായ രാഷ്ട്രീയ ബോധം വളർത്താനുള്ള പാർലമെന്റുകളും സംവാദങ്ങളും വികസന മാതൃകകളും പ്രോത്സാഹിപ്പിക്കണം കോളജിന്റെയും പഠനത്തിന്റേയും വികസനത്തിന് രാഷ്ട്രീയ നേതാക്കളടക്കമുള്ള എല്ലാവരുടേയും സഹകരണം വിദ്യാർഥികൾക്ക് തേടാവുന്നതാണ്.

19. പ്രക്ഷോഭങ്ങളും പ്രതിഷേധങ്ങളും സമരങ്ങളും ഉാക്കുന്നതിന് മുമ്പ് ആവശ്യങ്ങൾ മെമ്മോറാമായി എഴുതി പ്രിൻസിപ്പലിന് സമർപ്പിച്ച് അധികൃതരുടെ സഹകരണത്തോടെ പ്രശ്ന പരിഹാരമുാക്കാൻ ശ്രമിക്കണം. അധ്യയനം മുടങ്ങുന്ന തരത്തിലുള്ള യാതൊരു സമര പരിപാടികളും അനുവദിക്കുന്നതല്ല. പഠനത്തിനും അനുബന്ധ പരിപാടികൾക്കും സഹായകമാവുന്ന നിർദ്ദേശങ്ങൾ എഴുതി പ്രിൻസിപ്പലിന് സമർപ്പിച്ച് അക്കാദമികമായ അന്തരീക്ഷം നില നിറുത്താൻ വിദ്യാർഥികൾ സഹകരിക്കണം.

20. രാഷ്ട്രീയ പാർട്ടികളുടെ സമരാഹ്വാനങ്ങൾ കോളജിൽ അനുവദിക്കുന്നതല്ല. സംസ്ഥാന വ്യാപകമായോ ജില്ലാ തലങ്ങളിലോ, പ്രാദേശിക തലങ്ങളിലോ ഉള്ള സമരങ്ങളും കോളജിന് ബാധകമല്ല. അതേ സമയം വിദ്യാർഥികളുടെ പ്രശ്നങ്ങൾ പരിഹരിച്ച് കിട്ടാൻ പഠിപ്പു മുടക്കല്ലാത്ത മററു മാർഗങ്ങൾ സ്വീകരിക്കാവുന്നതാണ്.

**ശാസ്ത്രീയ പഠനം**

21. വിദ്യാർഥികളുടെ വ്യക്തിത്വ വികസനം, നൈപുണ്യ വികസനം, കരിയർ ഗൈഡൻസ്, സ്വഭാവ സംസ്കരണം, ബിസിനസ് വ്യവസായ പ്രോത്സാഹനം, ഭാഷാ പരിശീലനം, യോഗ മെഡിറേഷൻ തുടങ്ങി കോളജ് നടത്തുന്ന എല്ലാ പഠനാനുബന്ധ പദ്ധതികളിലും കുട്ടികൾ നിർബന്ധമായും പങ്കെടുക്കണം

22. പഠനം ശാസ്ത്രീയമാക്കുന്നതിന് ക്ലാസുകളിലും ലാബുകളിലും ആവശ്യമായ സജ്ജീകരണങ്ങൾ കൊു വരുന്നതിന് വിദ്യാർഥികൾ കൂടി ശ്രദ്ധിക്കണം. കാര്യങ്ങൾ ട്യൂട്ടറുമായോ, പ്രിൻസിപ്പലുമായോ ചർച്ച ചെയ്ത് പരിഹരിക്കേതാണ്.

23. പരസ്പര സഹായ പദ്ധതികൾ, സാമൂഹിക സേവനങ്ങൾ, തുടങ്ങിയവ വിദ്യാർഥികൾ തന്നെ കത്തെി പ്രിൻസിപ്പലുടെ സമ്മതത്തോടെയും അധ്യാപകരുടെ സഹായത്തോടെയും വിജയകരമായി പൂർത്തീകരിക്കണം. പാലിയേററീവ് കെയർ, റിലീഫ് തുടങ്ങിയവയിൽ വിദ്യാർഥികൾ താല്പര്യം കാണിക്കണം.

24. കലാ കായിക വിനോദങ്ങൾ അക്കാദമിക നിലവാരവുമായി സംയോജിപ്പിച്ച് കൊു പോവാനും വിദ്യാർഥികൾ സഹകരിക്കണം.





25. കാമ്പസിൽ നല്ല ഭാഷ സംസാരിച്ച് ശീലിക്കണം. ക്ലാസുകളിൽ ഇംഗ്ലീഷു ഭാഷക്ക് മുൻഗണന നല്കണം.

**സാമൂഹിക മാധ്യമങ്ങൾ**

26. സാമൂഹിക മാധ്യമങ്ങളെ ശരിയായി ഉപയോഗപ്പെടുത്താൻ കുട്ടികൾ ശ്രമിക്കണം. അശ്ലീലച്ചുവയുള്ളതോ, ദേശ ദ്രോഹപരമായതോ മതസ്പർധ വളർത്തുന്നതോ, വംശീയ വിദ്വേഷമുളവാക്കുന്നതോ, വിഭാഗീയത ഉാക്കുന്നതോ അനാദരവുളവാക്കുന്നതോ ആയ വാർത്തകളോ പോസ്ററുകളോ, പ്രചരിപ്പിക്കരുത്. സ്ഥാപനത്തിനെതിരായ പോസ്റററുകളും കുററകരമാണ്. പെൺകുട്ടികൾക്കും സ്ത്രീ സമൂഹത്തിനും അപമാനവമുാക്കന്നതോ അവരുടെ ആദരവിനെ ഹനിക്കുന്നതോ ആയ പോസ്ററുകളിടുന്നതും ഷെയർ ചെയ്യുന്നതും ശിക്ഷാർഹമാണ്.

**ഹാജർ**

27. കൃത്യ സമയത്ത് തന്നെ ക്ലാസിൽ എത്തേതാണ്. വൈകി എത്തുന്നവർക്ക് ക്ലാസിൽ ഇരിക്കാമെങ്കിലും ഹാജർ നഷ്ടപ്പെടും. ഒരു പിരിയഡ് നഷ്ടപ്പെട്ടാൽ അരദിവസവും ര് പീരിയഡ് നഷ്ടപ്പെട്ടാൽ ഒരു ദിവസവും നഷ്ടപ്പെടും. വരാത്ത ദിവസങ്ങളിൽ ട്യൂട്ടർക്ക് മെസേജ് അയക്കുകയോ മററ് കുട്ടികളുടെ പക്കൽ ലീവ് ഏല്പിക്കുകയോ ചെയ്യണം. മെഡിക്കൽ ലീവാണെങ്കിൽ ഡോക്ടറുടെ പക്കൽ നിന്നുള്ള സാക്ഷ്യപത്രം അപ്പപ്പോൾ തന്നെ വാങ്ങി ട്യൂട്ടറെ ഏല്പിക്കണം. എറ്റവും ചുരുങ്ങയത് പ്രവൃത്തി ദിവസങ്ങളുടെ 75% ഹാജർ വേണം. അതിൽ കുറഞ്ഞാൽ കൺഡോണേഷൻ അടച്ച് പരിഹരിക്കണം. 60%ത്തിൽ കുറഞ്ഞാൽ സെമസ്റ്റർ നഷ്ടപ്പെടുന്നതാണ്. ര് പ്രാവശ്യം മാത്രമേ കൺഡോണേഷൻ അനുവദിക്കൂ. മൂന്നാം പ്രാവശ്യം 75%ത്തിൽ ഹാജർ കുറഞ്ഞാലും സെമസ്ററർ നഷ്ടപ്പെടും. അത്തരം ഘട്ടങ്ങളിൽ കോഴ്സ് പൂർത്തിയാക്കാൻ കൂടുതൽ വർഷം വേി വന്നേക്കും. മുൻ കൂട്ടി അനുമതി വാങ്ങാതെ പത്ത് ദിവസം തുടർച്ചയായി ക്ലാസിൽ ഹാജരാവാതിരുന്നാൽ കുട്ടിയെ റോളിൽ നിന്ന് നീക്കം ചെയ്യുന്നതാണ്.

**ഫീസ്**

28. ഫീസ് കൃത്യ സമയത്ത് തന്നെ അടയ്ക്കണം. വീഴ്ച വരുത്തുന്നവരെ ക്ലാസിലിരുത്താനോ തുടർന്ന് പഠിക്കാനോ അനുവദിക്കുന്നതല്ല. ഉയർന്ന മാർക്കുള്ള നിർധനരായ കുട്ടികൾക്ക് മാനേജ്മെന്റ് വക സ്കോളർഷിപ്പ് നല്കുന്നതാണ്. വിദ്യാർത്ഥി കോളജിൽ നിന്ന് പോകുന്ന പക്ഷം ഏത് സെമസ്ററിലാണോ ടി.സി വാങ്ങുന്നത്, ആസെമസ്ററർ വരെയുള്ള എല്ലാ ഫീസുകളും അടയ്ക്കേ താണ്.

29. കേന്ദ്രത്തിന്റേയും, കേരളത്തിന്റേയും വിവിധ സ്കോളർഷിപ്പുകൾക്ക് കുട്ടികൾ കൃത്യസമയത്ത് തന്നെ അപേക്ഷിക്കണം. വിവരങ്ങൾ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരിക്കും.

30. എല്ലാ വിദ്യാർഥികൾക്കും ഇ.മെയിലും ബാങ്ക് എക്കൗും നിർബന്ധമായും വേണം.

**ലൈബ്രറി**

31. കോളജിലെ ലൈബ്രറി സൗകര്യം കുട്ടികൾ പൂർണമായി ഉപപയോഗപ്പെടുത്തണം. കോളജിന്റെ കലറിൽ ലൈബ്രറി നിയമങ്ങൾ പറയുന്നു്. അത് പൂർണമായി പാലിച്ചു വേണം ലൈബ്രറി ഉപയോഗപ്പെടുത്താൻ. ലൈബ്രറിയിൽ പൂർണമായ നിശബ്ദത പാലിക്കണം. പുസ്തകങ്ങൾ കേട് വരികയോ നഷ്ടപ്പെടുകയോ ചെയ്താൽ അതിന്റെ നിയമപരമായ നഷ്ടം ഉത്തരവാദികളിൽ നിന്ന് ഈടാക്കുന്നതാണ്.

**തിരഞ്ഞെടുപ്പ്**

32. രാഷ്ട്രീയ പ്രവർത്തനങ്ങളോ, സംഘർഷങ്ങളോ കാമ്പസിൽ അനുവദിക്കുന്നതല്ല. രാഷ്ട്രീയ പാർട്ടികളുടേയോ, സാമുദായിക സംഘടനകളുടേയോ പോഷക സംഘടനകൾക്കും കാമ്പസിൽ പ്രവർത്തന സ്വാതന്ത്ര്യമുായിരിക്കുന്നതല്ല. വിദ്യാർഥി രാഷ്ട്രീയത്തിന്റെ പേരിലുള്ള ആക്രമണങ്ങൾ നടത്തുന്നവരെ കോളജിൽ നിന്ന് പൂർണമായും ഒഴിവാക്കും. സുപ്രീം കോടതി നിയമമനുസരിച്ച് കോളജ് മാനേജ്മെന്റ് സ്വീകരിച്ച പാർലിമെന്ററി തെരഞ്ഞെടുപ്പ് രീതി മാന്യമായി നടത്താൻ അദ്ധ്യാപകരും വിദ്യാർഥികളും ബാധ്യസ്ഥരാണ്.

33. കോളജ് തിരഞ്ഞെടുപ്പിന്റെ പൂർണ അധികാരം അധ്യാപകരിൽ നിന്ന് പ്രിൻസിപ്പൽ തിരഞ്ഞെടുക്കുന്ന ഇലക്ഷൻ ഓഫീസർക്കായിരിക്കും. പാർലിമെന്ററി രീതി പ്രകാരം ഓരോ ക്ലാസുകളിൽ നിന്നും ര് വീതം പ്രതിനിധികളെ തിരഞ്ഞെടുക്കണം. പ്രതിനിധികളിലൊന്ന് പെൺകുട്ടിയായിരിക്കണം. ക്ലാസിൽ ഒരു പെൺ കുട്ടി മാത്രമാണുള്ളതെങ്കിലും ആ പെൺ കുട്ടിയെ പ്രതിനിധിയായി കാണണം. ക്ലാസിൽ പതിനഞ്ച് പേരിൽ കുറവാണെങ്കിൽ ഒരു പ്രതിനിധിയെ മാത്രം തിരഞ്ഞെടുക്കണം. തിരഞ്ഞെടുപ്പ് തിയതിയും അനുബന്ധ കാര്യങ്ങളും യൂണിവേഴ്സിററി പ്രഖ്യാപിക്കും. അതിന്റെ ഷെഡ്യൂൾ പുറത്തിറക്കുകയും ചെയ്യും.. അത് പ്രകാരമാണ് തിരഞ്ഞെടുപ്പ് നടത്തേ ത്.

34. ഇലക്ഷൻ പ്രഖ്യാപിക്കുന്ന ദിവസം നോമിനൽ റോളിലുള്ളവർക്ക് മാത്രമേ വോട്ട് ചെയ്യാനും മത്സരിക്കാനും പാടുള്ളു. പിന്നീട് റോളിൽ വന്നവരേയും റോളിൽ നിന്ന് നീക്കം ചെയ്തവരേയും മേൽ കാര്യങ്ങൾക്ക് അുവദിക്കുന്നതല്ല.

35. മത്സരിക്കുന്ന കുട്ടികൾ എല്ലാ പരീക്ഷകളും എഴുതിയവരാവണം. ക്ലാസ് ടെസ്ററുകളിലും അവർ പങ്കെടുത്തിരിക്കണം. ഓരോ സെമസ്ററിലും എഴുപത്തഞ്ച് ശതമാനത്തിൽ കുറയാത്ത അററന്റൻസ് വേണം. കൺഡോണേഷൻ അടച്ചവർക്കും, അററന്റൻസില്ലാത്തവർക്കും എപ്പോഴെങ്കിലും റോളിൽ നിന്ന് നീക്കം ചെയ്തവർക്കും മത്സരിക്കാൻ പാടില്ല.

36. യൂണിയൻ ഓഫീസ് ഭാരവാഹികൾ ഉൾക്കൊള്ളുന്ന മെയിൻ സീററുകളിലേക്ക് ഒരു പ്രാവശ്യവും മററ് സീററുകളിലേക്ക് ര് പ്രാവശ്യവും മാത്രമേ ഒരു വിദ്യാർഥിക്ക് മത്സരിക്കാൻ പാടുള്ളു.





37. ഏതെങ്കിലും കാരണവശാൽ കോളജിൽ നിന്ന് എപ്പോഴെങ്കിലും സസ്പെന്റ് ചെയ്തവർക്കും പോലീസിൽ കേസ് ഉള്ളവർക്കും സ്ഥാനാർഥിയാവാൻ പററില്ല.

38. ലഹരി വസ്തുക്കളോ മദ്യമോ ഉപയാഗിക്കുന്നന്നവരാണെന്ന് ബോധ്യപ്പെട്ടാലും അവരെ മത്സരിക്കാൻ അനുവദിക്കില്ല. മത്സരിക്കുന്നവർ നല്ല സ്വഭാവഗുണമുള്ളവരും പഠനത്തിൽ മികവുള്ളവരുമാണെന്ന് പ്രിൻസിപ്പലിന് ബോധ്യപ്പെടണം.

39. മുൻ പരീക്ഷകളിൽ പരാജയപ്പെട്ട വിദ്യാർഥികൾക്കും മത്സരിക്കാൻ പാടില്ല.

40. പാർലിമെന്ററി രീതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിൽ നിന്നാണ് ചെയർമാൻ, വൈസ് ചെയർമാൻ, ജനറൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഫൈൻ ആർട്സ് സെക്രട്ടറി, സ്ററുഡന്റ് എഡിററർ, യൂനിവേഴ്സിററി യൂനിയൻ കൗൺസിലർ, ജനറൽ കേപ്ററൻ എന്നിവരെ തിരഞ്ഞെടുക്കേത്. വോട്ടർമാരുടെ എണ്ണം ൪00-ന് മുകളിലാണെങ്കിൽ ര് യു.യു.സിമാരെ തിരഞ്ഞെടുക്കാവുന്നതാണ്. ഇത് കൂടാതെ ഒന്നാം വർഷക്കാർ രാം വർഷക്കാർ മൂന്നാം വർഷക്കാർ എന്നിവരുടെ പ്രതിനിധിയേയും, പഠന വിഭാഗങ്ങൾ , പി.ജി എന്നിവക്ക് വെവ്വേറെ പ്രതിനിധികളെ വീതവും തിരഞ്ഞെടുക്കാം.

41. വൈസ് ചെയർമാൻ, ജോയന്റ് സെകട്ടറി എന്നീ പോസ്ററുകൾ പെൺ കുട്ടികൾക്ക് മാത്രമുള്ളതാണ്. മററ് സീററുകളിൽ ആൺ/പെൺ വിവേചനമില്ലാതെ മത്സരിക്കാവുന്ന താണ്.

42. കർത്തവ്യങ്ങൾ, ഉത്തരവാദിത്തങ്ങൾ, പൗരബോധം വളർത്തൽ. സ്വഭാവ സംസ്കരണം, സേവന ബോധം, നൈപുണ്യ വികസനം, വിജ്ഞാന വികസനം എന്നിവക്കായി പ്രവർത്തിക്കൽ, സെമിനാറുകൾ, സംവാദങ്ങൾ, ഫീൽഡ് വർക്കുകൾ, സേവന പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കൽ, കലാ കായികം, സംസ്കാരണം, വിദ്യാഭ്യാസം, ക്രിയാത്മകത വികസിപ്പിക്കൽ തുടങ്ങിവയാണ് യൂണിയന്റെ പ്രവർത്തന ലക്ഷ്യം. ലക്ഷ്യങ്ങളിൽ നിന്ന് വഴി മാറി യൂണിയൻ സഞ്ചരിക്കുന്ന പക്ഷം യൂണിയൻ പിരിച്ചു വിടാനുള്ള അവകാശം പ്രിൻസിപ്പലിനുായിരിക്കും.

43. യൂണിയൻ ഉദ്ഘാടനത്തോടനുബന്ധിച്ച് തെരഞ്ഞെടുക്കപ്പെട്ട യൂണിയൻ അംഗങ്ങൾ പ്രിൻസിപ്പലിന്റെ സാന്നിധ്യത്തിൽ സത്യ പ്രതിജ്ഞ ചൊല്ലി തങ്ങളുടെ ഉത്തരവാദിത്തം ഏറെറടുക്കേതാണ്. യൂണിയൻ ഉദ്ഘാടനത്തിന് കലാ സാംസ്കാരിക രംഗങ്ങളിൽ മികച്ചവരെ ക്ഷണിക്കാൻ ശ്രദ്ധിക്കണം.

44. യൂണിയൻ മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും പ്രിൻസിപ്പലിന്റെ സാന്നിധ്യത്തിൽ യോഗം വിളിക്കേതും അത് സ്ററാഫ് അഡ്വൈസർ നിയന്ത്രിക്കേതുമാണ്. സ്ററാഫ് അഡ്വൈസറുടെ സമ്മതത്തോടെയും പങ്കാളിത്തത്തിലുമാണ് യൂണിയൻ പരിപാടികൾ സംഘടിപ്പിക്കേത്.

45. വിദ്യാർഥികളുടെ പഠനവും അനുബന്ധ പ്രവർത്തനങ്ങളും സുഗമവും കാര്യക്ഷമവും ആക്കുന്നതിനായി പ്രിൻസിപ്പലുമായി ആലോചിച്ച് വിവിധ പരിപാടികൾ യൂനിയന് ആവിഷ്കരിക്കാവുന്നതാണ്.

46. ഏത് പരിപാടിക്കും യൂണിയൻ, സ്ററാഫ് അഡ്വൈസറുടെ സഹായത്തോടെ എസ്ററിമേററ് തയാറാക്കേതും, പരിപാടിക്ക് മുമ്പായി അത് പ്രിൻസിപ്പൽക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങേതും, കണക്കുകൾ അദ്ദേഹം തന്നെ സൂക്ഷിക്കേതുമാണ്. ഓരോ വർഷവും യൂനിയൻ പ്രവർത്തനങ്ങൾക്ക് പ്രത്യേക ഫിൽ നിന്ന് തുക വകയിരുത്താവുന്നതും, തികയാതെ വന്നാൽ പ്രിൻസിപ്പലുടെ സമ്മതത്തോടെ പ്രത്യേക ഫ് പിരിക്കാവുന്നതാണ്. ഇതൊരിക്കലും നിർബന്ധപൂർവമാകരുത്. അക്കാദമിക വർഷാവസാനം കണക്കുകൾ പ്രിൻസിപ്പൽ നിശ്ചയിക്കുന്ന അധ്യാപകൻ ഓഡിററ് ചെയ്യേതാണ്.

47. തിരഞ്ഞെടുക്കപ്പെട്ട വിദ്യാർഥി യൂനിയനുകൾ കോളജ് നിയമങ്ങൾക്കനുസരിച്ച് പ്രവർത്തിക്കേതാണ്. അവർക്കാവശ്യമായ സുരക്ഷയും സാമ്പത്തിക സഹായവും മാനേജ്മെന്റ് നല്കുന്നതാണ്. യൂണിയൻ ഭാരവാഹികൾക്ക് അനുവദിക്കപ്പെട്ട ലീവുകൾ മാത്രമേ ലഭിക്കുകയുള്ളു. യൂണിയനെടുക്കുന്ന ഏത് തീരുമാനവും സ്ററാഫ് അഡ്വൈസറുടെയും പ്രിൻസിപ്പലിന്റേയും സംയുക്ത തീരുമാനത്തിന് വിധേയമായിരിക്കും. കലോത്സവം, വാർഷികം തുടങ്ങിയ പരിപാടികൾ നിശ്ചിത സമയത്ത് യൂനിവേഴ്സിററി നിബന്ധനക്കൾക്ക് വിധേയമായി നടത്തേതാണ്. വെക്കേഷൻ കാലത്ത് യൂണിയൻ പരിപാടികളൊന്നും നടത്താൻ പാടില്ല.

48. തിരഞ്ഞെടുപ്പ്, യൂണിയൻ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച ഏത് പരാതികളും പ്രിൻസിപ്പലിന്റെയോ പ്രിൻസിപ്പൽ തീരുമാനിക്കുന്നവരുടെയോ പരാതിസെല്ലിന്റേയോ, തീർപ്പിന് വിധേയമായിരിക്കും.

**കോളജ് മാഗസിൻ**

49. യൂണിയന്റെ നേതൃത്വത്തിൽ ഓരോ വർഷവും കോളജ് മെഗസിൻ പ്രസിദ്ധപ്പെടുത്തുന്നതാണ്. അതിന് പ്രിൻസിപ്പൽ നിശ്ചയിക്കുന്ന സ്ററാഫ് എഡിറ്ററും സ്ററുഡന്റ് എഡിറ്ററുമാണ് നേതൃത്വം നല്കേത്.

50. രാജ്യത്തിന്റെ അഖണ്ഡത, ദേശ സനേഹം, മത നിരപേക്ഷത, പൗരബോധം, സമുദായ സൗഹൃദം, സാമൂഹിക പ്രതിബദ്ധത, പരിസ്ഥിതി സംരക്ഷണം, വിദ്യാഭ്യാസം എത്തിക്സ്, എന്നിവയിലൂന്നിയ വിഷയങ്ങളാണ് മെഗസിനിൽ ഉൾപ്പെടുത്തേത്.

51. മെഗസിനിൽ എം.ഇ.എസിന്റെ സ്ഥാപക പ്രസിഡ്, നിലവിലെ പ്രസിഡ്, സെക്രട്ടറി, കോളജ് മാനേജിങ്ങ് കമ്മററി പ്രസിഡ്, സെക്രട്ടരി, ഖജാഞ്ചി, പ്രിൻസിപ്പൽ, യൂണിയൻ ഭാരവാഹികൾ എന്നിവരുടെ ഫോട്ടോകൾ നിർബന്ധമായും ഉാവണം.





52. മാഗസിൻ പുതിയ അധ്യയന വർഷം ജൂൺ മാസത്തിലെങ്കിലും പുറത്തിറക്കണം. തിരഞ്ഞെടുപ്പ് തിയതി പ്രഖ്യാപിച്ചാൽ പിന്നെ പ്രസിദ്ധീകരിക്കാൻ പാടില്ല.

**കോളജ് ആഘോഷങ്ങൾ**

53. ഓണം, മെഹന്തി, ക്രിസ്മസ്-പുതുവത്സരം, ആർട്സ് ഫെസ്ററ്, വാർഷികം എന്നിവയാണ് കോളജ് അനുവദിച്ച ഉത്സവങ്ങൾ. മററുള്ളവ പ്രിൻസിപ്പൽ സമ്മതിച്ചാൽ മാത്രം നടത്താവുന്നതാണ്. ഉത്സവത്തിന്റെ പേരിൽ ഉപദ്രവകരമായ ഒന്നും പാടില്ല. ഹോളി, ബർത്ത് ഡേ ആഘോഷങ്ങൾ കാമ്പസിൽ പാടില്ല

54. ഓണം ഒഴികെയുള്ള ആഘോഷ വേളകളിൽ കുട്ടികൾ യൂണിഫോം തന്നെ നിർബന്ധമായി ധരിക്കണം, ഓണത്തിന് വെള്ളവസ്ത്രം കസവ് മു്, ചട്ട തുടങ്ങിയവ പ്രിൻസിപ്പലിന്റെ അനുവാദത്തോടെ ധരിക്കാം

55. കാമ്പസിൽ വച്ച് പടക്കം പൊട്ടിക്കുകയോ, പരസ്പരം മണ്ണ്, കളർ എന്നിവ എറിയുകയോ ചെയ്യരുത്. ഇഷ്ടമല്ലാത്ത കുട്ടികൾക്ക് നേരെ ഏത് തരത്തിലുള്ള ബല പ്രയോഗവും റാഗിങ്ങിന്റെ പരിധിയിൽ വരുന്നതാണ്.

56. ആർട്സ് ഉത്സവത്തിൽ യൂണിവേഴ്സിററി നിയമ പ്രകാരം ഏത് കുട്ടിക്കും പങ്കെടുക്കാം. രാഷ്ട്രീയത്തിന്റേയോ മതത്തിന്റേയോ ജാതിയുടേയോ, സാമ്പത്തിക പ്രശ്നങ്ങളുടെയോ പേരിൽ ആരെയും പങ്കെടുപ്പിക്കാതിരിക്കരുത്. രാജ്യത്തിന്റെ അഖണ്ഡതക്കും, ദേശീയ താല്പര്യത്തിന് വിരുദ്ധമായതും, മതങ്ങളെ അനാദരിക്കുന്നതുമായ പരിപാടികൾ നടത്തരുത്.

57. മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികളുടെ അപേക്ഷ ഫോറങ്ങൾ യഥാസമയത്ത് പൂരിപ്പിച്ച് പ്രിൻസിപ്പലിന്റെ ഒപ്പ് വാങ്ങി അതാത് കേന്ദ്രങ്ങളിലെത്തിക്കുന്നതിന്റെ ചുമതല ഫൈനാർട്സ് ക്ലബ് സെക്രട്ടറിക്കും യൂണിയൻ ഭാരവാഹികൾക്കുമായിരിക്കും.

58. മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർഥികൾ അവരുടെ ഐഡന്റിററി കാർഡ് നിർബന്ധമായും കരുതേതാണ്.

59. വൈകന്നേരം അഞ്ച് മണിയോടെ ആർട്സ് ഫെസ്ററിവൽ പൂർത്തിയാക്കേതാണ്. അതിനപ്പുറത്തേക്ക് നീളാൻ ഒരു കാരണവശാലും അനുവദിക്കുന്നതല്ല.

60. യൂണിയൻ ഉദ്ഘാടനം, ആർട്സ് ഫെസ്റ്റ് , വാർഷികം തുടങ്ങിയ ഒരു പരിപാടിക്കും സർക്കാർ നിർദേശമനുസരിച്ച് പുറത്ത് നിന്നുള്ള ട്രൂപ്പുകളെ ക്ഷണിക്കാൻ പാടില്ല. പരിപാടികളിൽ ആർഭാടം പരമാവധി കുറക്കുകയും വേണം

**പരീക്ഷ**

61. കോളജിൽ നടക്കുന്ന ഇന്റേർണൽ, സെമസ്ററർ പരീക്ഷകളിൽ കുട്ടികൾ നിർബന്ധമായും പങ്കെടുക്കണം. പങ്കെടുക്കാതിരിക്കാൻ പ്രത്യേക കാരണങ്ങളുങ്കെിൽ അത് പരീക്ഷക്ക്

മുമ്പായി രക്ഷിതാവ് തന്നെ അതാത് ട്യൂട്ടർമാരെ എഴുത്ത് മുഖേന അറിയിക്കണം. മെഡിക്കൽ കേസുകളിൽ ഡോക്ടറുടെ സർട്ടിഫിക്കററ് എഴുത്തിന്റെ കൂടെ വയ്ക്കണം.

62. പ്രത്യേക കാരണങ്ങളില്ലാതെ പരീക്ഷ എഴുതാതിരുന്നാൽ അറ്റന്റൻസിൽ കുറവ് വരുന്നതിന് പുറമേ സെഷണൽ മാർക്കിലും കുറവുാവും. അത് റിസൾട്ടിനെ ബാധിക്കുകയും ചെയ്യും. ഇന്റേണൽ പരീക്ഷ എഴുതാത്ത കുട്ടികൾക്ക് ഒരു കാരണവശാലും അതേ പരീക്ഷ വീും നടത്തുന്നതല്ല. ഒരു കാരണവും കൂടാതെ ഇന്റേണൽ പരീക്ഷ എഴുതാത്തവർക്കെതിരെ നടപടിയുാവും.

63. പരീക്ഷാ ഹാളുകൾ സി.സി.ടി.വി ക്യാമറകളുടെ നിയന്ത്രണത്തിലായിരിക്കും. പരീക്ഷാ ഹാളിൽ ബഹളമുാക്കുക്കയോ, പരസ്പരം സംസാരിക്കുകയോ, ചെയ്യുന്നവർക്കെതിരെ നടപടിയുാവും.

64. പരീക്ഷയിൽ കോപ്പിയടിക്കുകയോ മററ് കടലാസുകളോ, മൊബൈൽ ഫോൺ ഉൾപ്പെട്ട മറ്റു ഇലക്ട്രോണിക് ഉപകരണങ്ങളോ കൊു വരികയാണെങ്കിൽ അവരെ തുടർന്ന് പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല. കോപ്പിയടിച്ചുവെന്ന് ഇൻവിജിലേററർക്ക് ബോധ്യപ്പെട്ടാൽ ആ വിവരം യൂണിവേഴ്സിററിയെ അറിയിക്കും. പിന്നെ മൂന്ന് പ്രാവശ്യത്തേക്ക് പരീക്ഷ എഴുതാനുള്ള അവകാശം നഷ്ടപ്പെടുകയും ചെയ്യും.

65. പരീക്ഷക്ക് അര മണിക്കൂർ കഴിഞ്ഞ് വരുന്നവർക്ക് പരീക്ഷ എഴുതാൻ പററില്ല. പരീക്ഷാ ഹാളിൽ കയറി പകുതി സമയത്തിന് മുമ്പേ സ്ഥലം വിടാനും പാടില്ല. പരീക്ഷാ പേപ്പറുകൾ ഇൻവിജിലേറ്ററെ ഏല്പിച്ചുവെന്ന് ബോധ്യപ്പെട്ട് വേണം പരീക്ഷാ ഹാളിൽ നിന്ന് പുറത്ത് കടക്കാൻ.

66. ഹാൾ ടിക്കററില്ലാത്തവരെ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല.

**സ്ററഡി ടൂറുകൾ**

67. കുട്ടികളുടെ പഠനം കൂടുതൽ ഉൻമേഷദായകമാക്കുന്നതിന് സ്ററഡി ടൂറുകൾ ആവശ്യമാണ്. കോളജിന്റെ നിയമങ്ങൾക്കകത്ത് നിന്ന് കൊാവണം ടൂറുകൾ സംഘടിപ്പിക്കേത്.

68. പരീക്ഷാ സമയങ്ങൾ ഒഴിവാക്കി മിനിമം വർക്കിങ് ദിവസങ്ങൾ മാത്രം ഉൾപ്പെടുന്ന വിധമാണ് ടൂർ ക്രമീകരിക്കേത്. സന്ദർശിക്കുന്ന സ്ഥലം, താമസം, യാത്ര ഷെഡ്യൂൾ, തുടങ്ങിയവ തീരുമാനിക്കുന്നത് വിദ്യാർഥികളുടേയും അധ്യാപകരുടേയും സാന്നിധ്യത്തിലാവണം. വകുപ്പ് തലവനും ട്യൂട്ടറുമാണ് അതിന് മുൻ കൈയെടുക്കേത്. ഈ മീററിങ്ങിൽ വച്ച് വിദ്യാർഥികളിൽ നിന്ന് ഒരു ടൂർ കൺവീനറെയും സഹായിയേയും നിയമിക്കണം. ഈ തീരുമാനത്തിന് ട്യൂട്ടർ ഡിപ്പാർട്ട്മെന്റ് കൗൺസിലിൽ നിന്ന് അംഗീകാരം വാങ്ങുകയും വേണം. അതാത് ക്ലാസ് ട്യൂട്ടർമാരും കൺവീനറും കൂടിയാണ് ടൂറിന്റെ തയാറെടുപ്പുകൾ നടത്തേത്. ട്യൂട്ടർ ടൂറിൽ നിർബന്ധമായും വിദ്യാർഥികളെ അനുഗമിക്കുകയും വേണം. ടൂറിന് രക്ഷിതാക്കളുടെ സമ്മത പത്രം കുട്ടികൾ ട്യൂട്ടറെ ഏല്പിക്കണം.





69. ഡിപ്പാർട്ട്മെന്റ് കൗൺസിലിന്റെ ടൂർ സംബന്ധിച്ച തീരുമാനം വകുപ്പ് തലവൻ സ്ററാഫ് കൗൺസിലിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങണം. കുട്ടികളുടെയും അനുഗമിക്കുന്നവരുടേയും പേരുകളും ഫോൺ നമ്പറുകളും പ്രിൻസിപ്പൽ നിശ്ചയിക്കുന്ന കോളജ് ടൂർ കോർഡിനേററിറെയോ പ്രിൻസിപ്പലിനേയോ ഏല്പിക്കണം. കോളജിലെ ഒരധ്യാപകനായിരിക്കും ടൂർ കോർഡിനേററർ. അദ്ദേഹമാണ് മൊത്തം ടൂറുകളെ നിയന്ത്രിക്കുന്നത്.

70. 10: 1 എന്ന തോതിലാണ് ടൂറിന് അനുഗമിക്കേ അധ്യാപകരുടെ എണ്ണം. പെൺകുട്ടികളുങ്കെിൽ അധ്യാപികമാർ അനുഗമിക്കേതാണ്. ട്യൂട്ടർക്ക് പുറമേ കഴിവതും അതാത് ക്ലാസുകളിലെ അധ്യാപകരാണ് അനുഗമിക്കേത്. ട്യൂട്ടറുടെ കൈയിൽ ടൂറിന് പോകുന്ന കുട്ടികളുടെയും അധ്യാപകരുടേയും പേരുകളും മൊബൈൽ നമ്പറുകളുമടങ്ങുന്ന ലിസ്ററും അതിന്റെ കോപ്പികളും സൂക്ഷിക്കേതാണ്. ടൂറിൽ അനുഗമിക്കുന്നവരുടേയോ മററധ്യാപകരുടേയോ ബന്ധുക്കളോ സ്നേഹിതൻമാരോ ടൂറിൽ പങ്കെടുക്കാൻ പാടില്ല. രക്ഷാകർത്താക്കൾക്ക് വേണമെങ്കിൽ പോകാവുന്നതാണ്.

71. ടൂർ കഴിഞ്ഞ് പതിനഞ്ച് ദിവസത്തിനുള്ളിൽ ടൂറിനെ കുറിച്ചുള്ള വിശദമായ റിപ്പോർട്ട് കൺവീനർ. വകുപ്പ് തലവന് സമർപ്പിക്കണം. അതിൽ ടൂറിന് പോയ ഏതാനും വിദ്യാർഥികളുടേയും അനുഗമിച്ചവരുടേയും അഭിപ്രായങ്ങളും നിർദേശങ്ങളും ഉൾപെടുത്തുകയും വേണം. ആവശ്യമായ ഫോട്ടോകളും റിപ്പോർട്ടിൽ ഉൾപെടുത്തേതാണ്.

72. ടൂറിൽ മദ്യമോ മറ്റ് ലഹരി വസ്തുകളോ ഉപയോഗിക്കുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു. ഇതിന് വിപരീതമായി പ്രവർത്തിക്കുന്നവരെ ടൂറിൽ നിന്ന് ഉടനെ ഒഴിവാക്കേതും കോളജിൽ നിന്ന് സസ്പെന്റ് ചെയ്യേതുമാണ്. മദ്യവും ലഹരി വസ്തുക്കളും ഇല്ല എന്നുറപ്പ് വരുത്താൻ അധ്യാപകർ കുട്ടികളുടെ ബാഗേജുകൾ പരിശോധിച്ച് ഉറപ്പ് വരുത്തണം. അന്തസ്സില്ലാതെ പ്രവർത്തിക്കുന്നതും ബഹളങ്ങളുാക്കുന്നതും ടൂറിന്റെ സംസ്കാരത്തിന് യോജിക്കാത്തതിനാൽ ആവശ്യമായ നടപടികളെടുക്കാൻ ട്യൂട്ടർക്ക് അധികാരമുായിരിക്കും.

73. അനുഗമിക്കുന്നവർ ടൂറിന്റെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കണം. കുട്ടികളും അധ്യാപകരും തമ്മിൽ പ്ലാൻ ചെയ്ത ശേഷമാണ് കാര്യങ്ങൾ നടപ്പാക്കേത്. കൂടിയാലോചനയില്ലാതെ ഒന്നും നടപ്പാക്കരുത്.

74. ടൂറിന്റെ കൂടെ അത്യാവശ്യ മരുന്നുകളും ഫസ്ററ് എയ്ഡ് സാധനങ്ങളും കൊു പോവണം. രോഗികളായ കുട്ടികളെ കഴിയുന്നതും ടൂറിന് കൊു പോവരുത്. പെട്ടെന്ന് രോഗം വന്നാൽ അടിയന്തിര ശുശ്രൂഷ ലഭിക്കാൻ അവസരമൊരുക്കണം. നല്ല ഭക്ഷണം കഴിക്കണം. പെട്ടിക്കടകളിൽ നിന്നും വഴിയോരത്ത് നിന്നും ഭക്ഷണ സാധനങ്ങൾ വാങ്ങി കഴിക്കരുത്. ആവശ്യത്തിന് വെള്ളം കുടിക്കുകയും വേണം.

75. അധ്യാപകരുടെ ചെലവ് വിദ്യാർഥികളാണ് വഹിക്കേത്. സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരുടെ ചെലവിലേക്ക് കൂടി സഹകരിക്കാൻ മററുള്ള വിദ്യാർഥികൾ മനസ്സ് കാണിക്കണം. ടൂറിന്റെ കണക്കുകൾ ടൂറിന് ശേഷം വിദ്യാർഥികളുടെ മുന്നിൽ ട്യൂട്ടർ അവതരിപ്പിക്കണം. പണം ബാക്കി വന്നെങ്കിൽ അത് വിദ്യാർഥികളുടെ അഭിപ്രായമനുസരിച്ച് മടക്കിക്കൊടുക്കുകയോ മററാവശ്യങ്ങങ്ങൾക്കായി നീക്കി വയ്ക്കുകയോ ചെയ്യാം. യാത്ര കഴിഞ്ഞതിന് ശേഷം കുട്ടികളെ അവരുടെ വീട്ടിൽ എത്തിക്കുന്നതിനുള്ള ഉത്തരവാദിത്തം കൂടി അനുഗമിക്കുന്നവരും കൺവീനറും വഹിക്കണം.

76. ഡിഗ്രി ക്ലാസുകൾക്ക് ഒരിക്കൽ മാത്രമാണ് ടൂർ അനുവദിച്ചട്ടുള്ളത്. അതും ഫൈനൽ വർഷത്തിൽ മാത്രം. എന്നാൽ ടൂറിസം വിദ്യാർഥികൾക്ക് ഓരോ വർഷവും ടൂർ ആകാവുന്നതാണ്. ടൂറിന് പുറമേ ആവശ്യമാണെങ്കിൽ ഒരു ദിവസം മാത്രമുള്ള (രാവിലെ മുതൽ വൈകുന്നേരം വരെ) ഫീൽഡ് ട്രിപ്പുകൾ എത് ക്ലാസിലുള്ളവർക്കും ആവാം. ഫീൽഡ് ട്രിപ്പിന് പ്രിൻസിപ്പലിന്റെ മുൻ കൂട്ടിയുള്ള അനുവാദം വേണം. അതിന് അതാത് വകുപ്പ് തലവൻമാരോ ഡിപ്പാർട്ട്മെന്റിലെ വിഷയവുമായി ബന്ധപ്പെട്ടവരോ ആണ് നേതൃത്വം നൽകേ ത്.

77. ടൂറിന് പോകുന്ന കുട്ടികൾ കർശനമായ അച്ചടക്കം പാലിക്കുക തന്നെ വേണം. കുട്ടികൾ തമ്മിലോ, പുറത്തുള്ളവരോടോ അധ്യാപകരോടോ അന്യായമായ യാതൊരു പ്രവർത്തനത്തിനും മുതിരരുത്. പെരുമാററത്തിലും സംസാരത്തിലും മിതത്വവും സംയമനവും വേണം. ആവശ്യമില്ലാതെ മറ്റ് റൂമുകളിൽ പ്രവേശിക്കുകയോ ഇഷ്ടപ്പെടാത്ത ഫോട്ടോകൾ എടുക്കുകയോ ചെയ്യരുത്. പെൺകുട്ടികളോട് മാന്യമായി പെരുമാറണം. അവരുടെ ഇഷ്ടമില്ലാതെ ഫോട്ടോ എടുക്കാവുന്നതല്ല. അനാവശ്യങ്ങൾ സംസാരിക്കരുത്. കൂട്ടം വിട്ട് ഒത്തു കൂടുകയുമരുത്. വില പിടിപ്പുള്ളതൊന്നും കഴിയുന്നതും ടൂറിൽ കൊു പോകരുത്. കൊു പോവുകയാണെങ്കിൽ തന്നെ അതിന്റെ നഷ്ടത്തിന് അവരവർ തന്നെ ഉത്തരവാദിയാവുന്നതാണ്.

================